"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - ശ്രീ.ശ്രീജിത്ത് വർമ്മ എ., അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, സ്പെഷ്യൽ സബ്ജയിൽ, മഞ്ചേരി- പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1315/2026/HOME തീയതി,തിരുവനന്തപുരം, 07-04-2026

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 11.01.2021 തീയതിയിലെ KLR 4-1/1/2019/KPSC നമ്പർ നിയമന ശിപാർശ.
2. ജയിലാസ്ഥാനകാര്യാലയത്തിലെ 23.01.2021 തീയതിയിലെ ഇ5/13932/2020/പി.ആർ.എച്ച്.ക്യൂ നമ്പർ ഉത്തരവ്.
3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 23.01.2021 തീയതിയിലെ ഇ5-13932/2020/പിആർഎച്ച്ക്യു നമ്പർ നടപടിക്രമം.
4. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 20.02.2026 തീയതിയിലെ കെ.പി.സി.എസ്./764/2025 - ഇ5 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ശ്രീജിത്ത് വർമ്മ എ., കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരാമർശം (1) നിയമന ശിപാർശയുടെയും ജയിലാസ്ഥാന കാര്യാലയത്തിലെ പരാമർശം (2) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 01.02.2021 തീയതിയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജയിൽവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷമാണ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ്. ഈ കാലയളവിൽ ഇദ്ദേഹം പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലെന്നതിനാൽ 31.01.2023 തീയതിയിൽ 2 വർഷ സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ട്. ശ്രീ.ശ്രീജിത്ത് വർമ്മ എ., പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ 2025 ജനുവരി മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ പാസായിട്ടുണ്ടെന്നും ഇദ്ദേഹം

അവസാനമായി പരീക്ഷയിൽ പങ്കെടുത്ത തീയതിയും ഈ നോട്ടിഫിക്കേഷനിലെ അവസാന പരീക്ഷ നടന്ന തീയതിയും **30.05.2025** ആണെന്നും ഇദ്ദേഹത്തിന്റെ സേവനവും ജയിലിലെ പെരുമാറ്റവും തൃപ്തികരമാണെന്നും പരാമർശം **(4)** പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ശ്രീജിത്ത് വർമ്മ എ.,- യുടെ പ്രൊബേഷൻ കാലയളവ് **01.02.2023** മുതൽ **31.01.2024** വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം **(3)** പ്രകാരം ഉത്തരവായിട്ടുണ്ട്. വകുപ്പുതലപരീക്ഷ പാസായിട്ടുള്ള സാഹചര്യത്തിൽ, ഇദ്ദേഹത്തിന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ **31.05.2025** പൂർവ്വാഹം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് **01.02.2024** മുതൽ **01.06.2025** വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം **(4)** പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.ശ്രീജിത്ത് വർമ്മ എ.,- യുടെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ **31.05.2025** പൂർവ്വാഹം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്.എസ്.ആർ ഭാഗം **II** ചട്ടം **21** പ്രകാരം, **01.02.2024** മുതൽ **01.06.2025** വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജീഷ് ബി ഗോപൻ
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം (സർവ്വീസ് ബുക്ക് സഹിതം).
ശ്രീ.ശ്രീജിത്ത് വർമ്മ എ. (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Amina B
Date: 13-04-2026 15:31:34
സെക്ഷൻ ഓഫീസർ